ഭാവി പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നതിനായി അറിയപ്പെടുന്ന അന്തർദ്ദേശീയ വിദഗ്ധ ശ്രീമതി സുനിതാ നാരായൺ-നെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തുകയും നയരൂപീകരണ നടപടികൾക്കായി പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ശുചിത്വ ഗ്രാമം പദ്ധതി

273 (3560) ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ ഗ്രാമം പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശുചിത്വ ഗ്രാമ പദ്ധതി ആര് മുഖേനയാണ നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. പഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ.
2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക.
3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക.

5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കൽ.

6. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുക.

7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം

8. സംസ്ഥാന സർക്കാരിന്റെ തീരുമാന പ്രകാരം ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴിയാണ് ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കേണ്ടത്.

9. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്:

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനമ്പർ
2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം
3. അറവുശാല മാലിന്യ സംസ്കരണം
4. ഖരമാലിന്യ സംവിധാനത്തിന്റെ പുരുദ്ധാരണം
5. UIDSSMT പദ്ധതി നിർവ്വഹണം
6. അറവുശാല നിർമ്മാണം അഥവാ നവീകരണം
7. സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി
8. മാതൃകാ ദ്രവമാലിന്യ മാനേജ്മെന്റ് പരിപാടി-കോളനികൾക്ക്
9. വനിതാ ശുചിത്വ കോംപ്ലക്സ്, വിശ്രമ ശുചിത്വ സമുച്ചയം
10. ഗേൾ ഫ്രണ്ട്ലി ടോയ്ലെറ്റ്, ശിശു സൗഹൃദ ടോയ് ലറ്റ്
11. മാലിന്യ മുക്ത കേരളം പ്രചരണം
12. സോഷ്യൽ റിയാലിറ്റി ഷോ - ഗ്രീൻ കേരള എക്സ്പ്രസ്സ്
13. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ
14. മാലിന്യ മുക്ത കേരള അവാർഡ്

LIBRARY ARCHIVES Kerala Legislative Assembly

15. പഠന -വിവരണ ശേഖരണ പ്രവർത്തനം

16. ഐ.ഇ.സി/എച്ച്.ആർ.ഡി പദ്ധതി

17. ഖരമാലിന്യ പരിപാലനം.

(സി) ശുചിത്വഗ്രാമ പദ്ധതി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കി വരുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി സാമ്പത്തിക സഹായവും നൽകി വരുന്നു. പദ്ധതിയുടെ നിർവ്വഹണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷനിൽനിന്നും 2012-13 വർഷത്തിൽ 632 ഗ്രാമപഞ്ചായത്തുകൾക്കും, 34 നഗരസഭകൾക്കും 2013-14 വർഷത്തിൽ 155 ഗ്രാമപഞ്ചായത്തുകൾക്കും 8 നഗരസഭകൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ എല്ലാം തന്നെ ശുചിത്വ കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്.

പേരിൽ മാറ്റം വരുത്തുന്നതിന് നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

274 (3561) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റിലെ പേരിനൊപ്പം ഒരക്ഷരം കൂടി ചേർക്കുന്നതിന് പത്ത് വയസ്സിൽ താഴെയുള്ള കുട്ടിയുടെ രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഉച്ചാരണത്തിൽ വ്യത്യാസം ഇല്ലാതെ അനുവദിക്കുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) കുട്ടിയെ സ്കൂളിൽ ചേർത്തതിനുശേഷം പേരിൽ മാറ്റം വരുത്തുന്നതിന് രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിലവിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(6) പ്രകാരം ജനന രജിസ്റ്ററിൽ ഒരിക്കൽ പേര് ചേർത്ത് കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ ജനന സമയത്ത് ഒരു ഓമന പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ, അന്വേഷണം നടത്തി ബോധ്യപ്പെട്ട് രജിസ്ട്രാർക്ക് തന്നെ അത് അനുവദിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly